**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3015** **28-02-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തിന് ന്യായവില ഉറപ്പുവരുത്താനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ എം മുകേഷ് ,<br>ശ്രീമതി കാനത്തിൽ ജമീല | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്ന് രക്ഷിക്കാനും മത്സ്യത്തിന് ന്യായവില ഉറപ്പുവരുത്താനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം ലഭ്യമാക്കാമോ; | (എ) | കേരള നിയമസഭ പാസ്സാക്കിയ 2021 ലെ കേരള മത്സ്യ സംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ടിലെ 7-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന ഫിഷ് ലാന്റിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റികളും 9-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന ഹാർബർ മാനേജ്മെന്റ് സൊസൈറ്റികളും മത്സ്യലേലത്തിലും വിൽപ്പനയിലും ഉണ്ടാകാനിടയുള്ള അനാവശ്യ പ്രവണതകളെ നിയന്ത്രിച്ചുകൊണ്ടും ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും മത്സ്യത്തൊഴിലാളികളെ മോചിപ്പിച്ചുകൊണ്ടും മത്സ്യത്തിന് ന്യായവില ലഭ്യമാകുമെന്ന് ഉറപ്പുവരുത്തുന്നതിന് നിയമം നടപ്പിൽ വരുന്നതിലൂടെ സാധ്യമാകുന്നതാണ്. പ്രസ്തുത നിയമത്തിന്റെ ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ ഇവയിൽ മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്നും ഇതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്നും വിശദമാക്കാമോ? | (ബി) | 2021 ലെ കേരള മത്സ്യ സംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ടിലെ 9-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം കേരളത്തിലെ തീരദേശ ജില്ലകളിലെ 21 ഹാർബറുകളിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികളിലും അതാത് ഹാർബറുകളുടെ അംഗീകൃത ട്രേഡ് യൂണിയനുകളിൽ നിന്നും സർക്കാർ നാമ നിർദ്ദേശം ചെയ്യുന്ന അഞ്ച് പ്രതിനിധികളെ ഉൾക്കൊള്ളിക്കുകയും കൂടാതെ പ്രദേശത്തെ യന്ത്രവൽകൃത യാന ഉടമകളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്തിട്ടുള്ള ഒരു പ്രതിനിധിയേയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിലൂടെ |

| | | | |
|---|---|---|---|
| | | | ഹാർബർ മാനേജ്മെന്റ് സൊസൈറ്റികളിൽ മത്സ്യത്തൊഴിലാളി പ്രാതിനിധ്യം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഹാർബറിന്റെ അടിസ്ഥാന ഭൗതിക സൗകര്യ വികസന പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക, പദ്ധതികൾ രൂപവൽക്കരിക്കുക, മേൽനോട്ടം വഹിക്കുക, ഹാർബറിൽ നടത്തപ്പെടുന്ന മത്സ്യ ലേലം, വിൽപ്പന, ഗുണനിലവാര പരിപാലനം എന്നിവ ആക്ടിലെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണെന്ന് ഉറപ്പ് വരുത്തുക, ഹാർബറിനുള്ളിൽ മത്സ്യ ലേലത്തിലും വിൽപ്പനയിലും ഉണ്ടാകാനിടയുള്ള അനാവശ്യ പ്രവണതകളെ നിയന്ത്രിക്കുക, മത്സ്യത്തിന്റെ അടിസ്ഥാന വില നിശ്ചയിക്കുകയും മത്സ്യം സംഭരിക്കുകയും ചെയ്യുക, യൂസർ ഫീ ഈടാക്കുക, ഉദ്യോഗസ്ഥരെ നിയമം നടപ്പിലാക്കാൻ സഹായിക്കുക തുടങ്ങിയവയാണ് ഹാർബർ മാനേജ്മെന്റ് സൊസൈറ്റികളുടെ കടമകളും ഉദ്ദേശ്യ ലക്ഷ്യങ്ങളും. ഇതിലൂടെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം വിപണനം ചെയ്യുന്നതിനായി മെച്ചപ്പെട്ട അന്തരീക്ഷം ഹാർബറുകളിൽ ഉറപ്പ വരുത്തുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ